## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 618 19-03-2013 ലെ മറുപടിയ്ക്ക്**

## കാരുണ്യ ബെനവലന്റ് ഫണ്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ.കെ.വിജയൻ** | | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** | |
| (എ) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഇതുവരെ എത്ര രോഗികൾക്ക് ചികിത്സാ ധനസഹായം ലഭിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ 7502 രോഗികൾക്ക് ഇതേവരെ ചികിത്സാസഹായം വിവിധ ആശുപത്രികളിലേക്ക് അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ ഇനത്തിൽ ഇതുവരെ എത്ര രൂപ പിരിഞ്ഞു കിട്ടിയെന്നും ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ; | (ബി) | കാരുണ്യ 77- ാമത് ഭാഗ്യക്കുറി വരെയുള്ള വിറ്റുവരവ് 623.75 കോടി രൂപയാണ് ഇതിൽ ലാഭം ഏകദേശം 138 കോടി രൂപയാണ്. ഇതിൽ നിന്നും 115 കോടി രൂപ കാരുണ്യ ബനവലന്റ് ഫണ്ടിന് കൈമാറിയിട്ടുണ്ട്. അതിൽ 79.17 കോടി രൂപ ധനസഹായമായി അനുവദിച്ചു കഴിഞ്ഞു . |
| (സി) | കോഴിക്കോട് ജില്ലയിൽ ഏതെല്ലാം ആശുപത്രികളാണ് കാരുണ്യ ചികിത്സാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ ? | (സി) | കോഴിക്കോട് ജില്ലയിൽ ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ, പി.വി.എസ്. ഹോസ്പിറ്റൽ, കെ.എം.സി.റ്റി.മെഡിക്കൽ കോളേജ്,, ശാന്തി ഹോസ്പിറ്റൽ, മലബാർ മെഡിക്കൽ കോളേജ് & റിസർച്ച് സെന്റർ എന്നീ ആശുപത്രികൾ കാരുണ്യാ ചികിത്സാ പദ്ധതിയിൽ ഇതിനകം അക്രെഡിറ്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ